(ഡി) ഖരമാലിന്യ സംസ്ക്കരണം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ എന്തെല്ലാം സഹായങ്ങളാണ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഖരമാലിന്യങ്ങളുടെ സംസ്ക്കരണത്തിനായി സർക്കാർ എന്ത് സഹായങ്ങളാണ് തിരുവനന്തപുരം നഗരസഭയ്ക്ക് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നഗരസഭകൾക്ക് തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സാമ്പത്തികസഹായം നൽകുന്ന ഒരു പദ്ധതി 1997-98 വർഷം മുതൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രശ്നപ്രദേശങ്ങൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് 1997-98 വർഷത്തിൽ 60 ലക്ഷം രൂപയും 1998-99 വർഷത്തിൽ 100 ലക്ഷം രൂപയും നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ടി ഇനത്തിൽ 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. പഞ്ചായത്തുകൾക്ക് 1998-99 വർഷത്തിൽ 250 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഇതിനുപുറമെ നഗരസഭകൾക്ക് ഈ ആവശ്യത്തിന് പലിശ സബ്സിഡിയോടുകൂടി വായ്പ സ്വരൂപിക്കുന്നതിന് കേരള നഗരവികസന ധനകാര്യ കോർപ്പറേഷന് 1.21 കോടി രൂപ സർക്കാർ സഹായം അനുവദിച്ചിട്ടുണ്ട്.

(ബി)&(സി) തിരുവനന്തപുരം നഗരത്തിലെ ഖരമാലിന്യങ്ങളുടെ സംസ്ക്കരണം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിന്നും ഈയിടെ നിർദ്ദേശങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഇന്ത്യയിലെ ക്ലാസ്-1 പട്ടണങ്ങളിലെ-ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് സമർപ്പിക്കപ്പെട്ട പൊതുതാത്പര്യഹർജിയുടെ അടിസ്ഥാനത്തിൽ കോടതി നിയമിച്ച വിദഗ്ദ്ധസമിതി സമർപ്പിച്ച റിപ്പോർട്ട് അഭിപ്രായത്തിനായി സുപ്രീംകോടതി നിർദ്ദേശത്തോടുകൂടി ലഭിച്ചിട്ടുണ്ട്. ഇതിന്മേലുള്ള സർക്കാരിന്റെ പ്രതികരണം കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രത്യേക സഹായമൊന്നും ആവശ്യപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ ഒരു നിർദ്ദേശവും പരിഗണനയിലില്ല.

ചപ്പുചവറുകൾ കുമിഞ്ഞു കൂടുന്നത് തടയാൻ നടപടി

100 (2156)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കോർപ്പറേഷനുകളിൽ നിരത്തുകളിലും മറ്റും ചപ്പുചവറുകൾ കുമിഞ്ഞുകൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചപ്പുചവറുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കും ഓരോ കോർപ്പറേഷനും എന്തു തുക കഴിഞ്ഞ മൂന്നു വർഷത്തിൽ ചെലവാക്കിയിട്ടുണ്ട്; ഇവ ഓരോന്നും ഇവരുടെ മൊത്തം ബഡ്ജറ്റിന്റെ എത്ര ശതമാനം ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ശുചീകരണ പ്രവർത്തനങ്ങളിലും ചപ്പുചവറു നിർമ്മാർജ്ജനത്തിനും കോർപ്പറേഷനുകൾ അനാസ്ഥ കാണിക്കുന്നതായി ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥലദൗർലഭ്യം കാരണം ചില സ്ഥലങ്ങളിൽ മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാതെ കൂടികിടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചപ്പുചവറുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകൾ കഴിഞ്ഞ മൂന്നുവർഷത്തിൽ ചെലവാക്കിയ തുക താഴെപ്പറയുംപ്രകാരമാണ്.

വർഷം	തിരുവനന്തപുരം	കൊച്ചി	കോഴിക്കോട്
1996-97	528 ലക്ഷം (18.65%)	70 ലക്ഷം (11.8%)	540.81 ലക്ഷം (31.42%)
1997-98	568 ലക്ഷം (16.70%)	806 ലക്ഷം (12.1 %)	671.00 ലക്ഷം (32.94%)
1998-99	620 ലക്ഷം (15.50%)	914 ലക്ഷം (12.5%)	549.13 ലക്ഷം (30.16%)

(സി) ചവറ് സംസ്ക്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും സ്ഥലം ഉള്ളിടത്ത് ചവറ് സംസ്ക്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും അതു മുഖേനയുള്ള ബുദ്ധിമുട്ടുകളും പല നഗരസഭകളും അഭിമുഖീകരിക്കുന്നുണ്ട്. എന്നാൽ ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ അനാസ്ഥ ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് ഏകജാലക സംവിധാനം

101 (2157)ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ കാലതാമസമില്ലാതെ തീരുമാനമെടുക്കുന്നതിന് ഏർപ്പെടുത്തിയ ഏകജാലക സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ സാങ്കേതിക പിശകുകളൊന്നുമില്ലാത്ത അപേക്ഷകളിൽ തീരുമാനമെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എത്ര ദിവസം വേണ്ടിവരും;

(സി) സാങ്കേതിക പിശകുള്ള അപേക്ഷകളിൽ സ്വീകരിക്കുന്ന അനന്തര നടപടി എന്താണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly